പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 3679 | 14/03/2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മത്സ്യത്തിൽ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, കെ. രാജൻ**<br>**,, ജി.എസ്.ജയലാൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ലഭിക്കുന്ന മിക്കവാറും മത്സ്യങ്ങൾ വിഷമയമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ലഭിക്കുന്ന മത്സ്യം പരിശോധിച്ചപ്പോൾ ചില അവസരങ്ങളിൽ സോഡിയം ബെൻസോയേറ്റ് സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ജനങ്ങളുടെ ആരോഗ്യത്തിന് ദോഷങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ മത്സ്യത്തിൽ മായം ചേർക്കുന്നവരെ കണ്ടെത്തുന്നതിനും ആവശ്യമായ ശിക്ഷ നല്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിച്ച് മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ എന്തെങ്കിലുംവിഷാംശം ചേർത്തിട്ടുണ്ടെങ്കിൽ അത്തരക്കാർക്കെതിരെ ഭക്ഷ്യഗുണനിലവാരനിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ